കൊണ്ടുപോകുന്നതിന് തടസ്സമുണ്ടാകുമെന്ന തദ്ദേശവാസികളുടെയും ഭക്തരുടെയും ആവശ്യാനുസരണം 21-7-2014-ൽ ബഹുമാനപ്പെട്ട എം.എൽ.എ ശ്രീ. ആർ. രാജേഷിന്റെ നേതൃത്വത്തിൽ ഒരു സർവ്വകക്ഷിയോഗം നടക്കുകയുണ്ടായി. പ്രസ്തുത യോഗത്തിൽ ചെക്ക് ഡാം നിർമ്മിക്കേണ്ട പ്രവൃത്തി ഉപേക്ഷിക്കുവാനും പകരം പ്രസ്തുത ഫണ്ട് വിനിയോഗിച്ച് വാട്ടർ അതോറിറ്റിയുടെ ഇൻടേക്കിൽ എക്കലും മണ്ണും മറ്റും പ്രവേശിക്കാതിരിക്കാൻ കോടത്തോടിന്റെ പതനമുഖം ബെഡ് ബാർ ഉപയോഗിച്ച് തടയുന്നതിനും അച്ചൻകോവിലാറിന്റെ പ്രസ്തുത ഭാഗം സൈഡ് വാൾ കെട്ടി സംരക്ഷിക്കുന്നതിനുമായി 84.00 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയറിൽ (ജലസേചനവും ഭരണവും) നിന്നും ലഭിച്ചിട്ടുണ്ട്. ആയതിൽ സർക്കാർ തലത്തിൽ നടപടി സ്വീകരിച്ചുവരുന്നു.

കടപ്പുറം ദ്വീപിൽ കടൽക്ഷോഭം

142 (2351) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽക്ഷോഭംമൂലം കടൽഭിത്തി ഒലിച്ച പോയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രദേശവാസികളുടെ ഭീതിയകറ്റുന്നതിന് തകർന്ന കടൽഭിത്തി അടിയന്തരമായി പുനർനിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) എങ്ങണ്ടിയൂർ പഞ്ചായത്തിലെ കടപ്പുറം ദ്വീപിൽ കടൽ ക്ഷോഭംമൂലം കടൽഭിത്തി തകർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എങ്ങണ്ടിയൂർ പഞ്ചായത്തിലെ തകർന്ന കടൽഭിത്തിയുടെ പുനർ നിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവുവിളക്കുകൾ

143 (2352) <u>ഡോ. കെ. ടി. ജലീൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ ചമ്രവട്ടം പാലത്തിന്മേലുള്ള തെരുവുവിളക്കുകൾ, പാലത്തിന്റെ നിർമ്മാണം കഴിഞ്ഞിട്ടും നാളിതുവരെ പ്രവർത്തനക്ഷമമായിട്ടില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ പ്രവർത്തിപ്പിക്കുന്നതിനായി, ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി.യിൽ അടയ്ക്കുവാൻ ഇറിഗേഷൻ വകുപ്പിന് തുക അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ ?

(സി) ഇല്ലെങ്കിൽ തുക അനുവദിച്ച് ഈ വിളക്കുകൾ ജനങ്ങൾക്ക് ഉപകാര പ്രദമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പാലം നിർമ്മാണം കഴിഞ്ഞതിനുശേഷം മൂന്നരമാസത്തോളം തെരുവു വിളക്കുകൾ പ്രവർത്തിച്ചിരുന്നു. എന്നാൽ പിന്നീട് KSEB വൈദ്യുതബന്ധം വിച്ഛേദിച്ചതിനാൽ തെരുവു വിളക്കുകൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത ആവശ്യങ്ങൾക്കായി തുകയൊന്നും അനുവദിച്ചിട്ടില്ല.

(സി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിൽ 'ജിഡ്' ഫണ്ട് ഉപയോഗിച്ച് ടാങ്കുകളുടെ നിർമ്മാണം

144 (2353) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 'ജിഡ്' ഫണ്ട് ഉപയോഗപ്പെടുത്തിക്കൊണ്ട് നിർമ്മാണാനുമതി നൽകിയ ഞാറക്കൽ, മുരിക്കുംപാടം എന്നിവിടങ്ങളിലെ ടാങ്കുകളുടെ നിർമ്മാണം തടസ്സപ്പെട്ടുകിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രവർത്തനം തടസ്സപ്പെട്ടിട്ട് എത്ര നാളുകളായിയെന്ന് വ്യക്തമാക്കാമോ ;

(സി) വർഷങ്ങളായി അതിരൂക്ഷമായ ശുദ്ധജലക്ഷാമം നേരിടുന്ന ഞാറപ്പിൻദ്വീപു നിവാസികൾക്കായി തുടങ്ങിവച്ച പ്രസ്തുത പ്രവൃത്തിയുടെ പുരോഗതിയിൽ നേരിടുന്ന ഇരുതരമായ അനിശ്ചിതാവസ്ഥ പരിഹരിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടിയെന്തെന്ന് വിശദീകരിക്കാമോ ;

(ഡി) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയ്ക്ക് എത്രമാത്രം പുരോഗതി പ്രസ്തുത പ്രവൃത്തിയിൽ ഉണ്ടായെന്ന് വിശദീകരിക്കാമോ;

(ഇ) പ്രസ്തുത പ്രവൃത്തി പുനരാരംഭിക്കുന്നതു സംബന്ധിച്ച് വിവിധ ഉന്നതതല യോഗങ്ങളിൽ കരാറുകാരൻ നൽകിയ ഉറപ്പുകൾ പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly